LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഏജൻസിയാണെന്നും എന്നാൽ ബിവറേജസ് കോർപ്പറേഷൻപോലെ ആനുകൂല്യങ്ങൾ ഫെഡറേഷന് ലഭിക്കാത്തതുമൂലമാണ് വിദേശ മദ്യ വ്യാപാരത്തിൽ വർഷങ്ങളായി നഷ്ടം നേരിടുന്നത് എന്നുമാണ് കൺസ്യൂമർ ഫെഡ് അറിയിച്ചിരിക്കുന്നത്. നാളിതുവരെ മൊത്തം നഷ്ടം 22 കോടി രൂപയാണ്. അതുപോലെ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നൽകി വിൽപ്പന നടത്തുന്നതിനുള്ള അനുവാദത്തിനും സബ്സിഡി ഇനത്തിൽ 137.50 ലക്ഷം രൂപ അനുവദിക്കുന്നതിനുമായി കൺസ്യൂമർ ഫെഡറേഷൻ അപേക്ഷിച്ചിട്ടുണ്ട്. 1998 മുതൽ 2004 വരെ കൺസ്യൂമർ ഫെഡ് ഓണച്ചന്ത നടത്തിയ വകയിൽ സർക്കാരിന് കിട്ടേണ്ട കുടിശ്ശിക തുക 5,75,41,816 രൂപയാണ്. എൻ.സി.ഡി.സി. സഹായത്തിനു വേണ്ടി പല പ്രോജക്ടുകളും അവർ സമർപ്പിച്ചിട്ടുണ്ട്. കുന്ദംകുളത്ത് ഗോഡൗൺ, പൂക്കോട്ടുപടിയിൽ ഗോഡൗൺ, പാലക്കാട്ട് ഗോഡൗൺ, നീതി മെഡിക്കൽ സ്റ്റോർ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, 2 കോടി രൂപയുടെ ഓഹരി മൂലധനം എറണാകുളത്ത് ഹൈപവർ മാർക്കറ്റ് തുടങ്ങിയ സ്കീമുകളാണ് സമർപ്പിച്ചിട്ടുള്ളത്. ദിവസവേതന കരാർ അടിസ്ഥാനത്തിൽ ഫെഡറേഷനിൽ ഇപ്പോൾ ജോലി ചെയ്യുന്ന 416 പേരെ സ്ഥിരപ്പെടുത്തുന്നതിനു സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(5) കായംകുളം ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനു നടപടി

ശ്രീ. എം. എം. ഹസ്സൻ: സർ, കായംകുളത്തെ ഗവൺമെന്റ് ആശുപത്രി ഇപ്പോൾ 125 കിടക്കകളുള്ള സർക്കാർ ആശുപത്രിയാണ്. അവിടെ 100 കിടക്കകളുള്ള പുതിയ വാർഡിന്റെ പണി പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്. കുട്ടികളുടെ വാർഡ്, അത്യാഹിത വിഭാഗം ഉൾപ്പെടെ 275 കിടക്കകളുള്ള മേജർ ആശുപത്രിയായി ഈ ആശുപത്രി മാറിയിരിക്കുന്നു. മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സർക്കാർ ആശുപത്രിയാണിത്. ഈ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രി എന്ന നിലയിൽ സുനാമി ദുരന്തമുണ്ടായപ്പോൾ എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. ടി. കെ. ദേവകുമാറിന്റെയും അതുപോലെ തന്നെ നമ്മുടെ കരുനാഗപ്പള്ളി മണ്ഡലത്തിലുമുള്ള നിരവധി ആളുകളെ അവിടെയാണ് കൊണ്ടുവന്നത്. 1987-ൽ ഇതിനെ താലൂക്ക് ആശുപത്രിയായി പ്രഖ്യാപിച്ചെങ്കിലും, അതിനാവശ്യമായ ചില നിയമനങ്ങളൊക്കെ നടന്നെങ്കിലും, താലൂക്ക് ആശുപത്രിയായിട്ടുള്ള അതിന്റെ പദവി ഇന്നും നേടിയിട്ടില്ല. 275 കിടക്കകളുള്ള ആശുപത്രിയായി മാറുമ്പോഴും 125 കിടക്കകളുള്ള ആശുപത്രിക്കുള്ള സ്റ്റാഫും അനുബന്ധസ്റ്റാഫും മാത്രമേ അവിടെയുള്ളൂ. ഇതിപ്പോൾ താലൂക്ക് ആശുപത്രിയുമല്ല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുമല്ല; പ്രൈമറി ഹെൽത്ത് സെന്ററുമല്ല. ആ ഒരു

അന്തരാളഘട്ടത്തിലാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, താലൂക്ക് ആശുപത്രിയുടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഈ സർക്കാർ ആശുപത്രിയെ താലൂക്കാശുപത്രിയായി പ്രഖ്യാപിക്കുകയും ഇത്രയും ബെഡ്ഡിന്റെ വർദ്ധനവിന്റെ പശ്ചാത്തലത്തിൽ പുതിയ ഡോക്ടർമാരെയും അനുബന്ധ സ്റ്റാഫിനെയും അനുവദിച്ചു തരികയും ചെയ്യാൻ നടപടി സ്വീകരിക്കണമെന്നാണ്.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനോടൊപ്പം പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ 100 കിടക്കകളുള്ള വാർഡിന്റെ നിർമ്മാണം പൂർത്തിയായി വരികയാണ്. ഇത് ജനങ്ങൾക്ക് സേവനപ്രദമാകണമെങ്കിൽ പുതിയ തസ്തിക സൃഷ്ടിച്ചെങ്കിൽ മാത്രമേ കഴിയൂ. ഇത് വളരെ അനുഭാവപൂർവ്വം പരിശോധിക്കുന്നതാണ്.

(6) കഴക്കൂട്ടം ആസ്ഥാനമാക്കി പുതിയ താലൂക്ക്

ശ്രീ. എം. എ. വാഹീദ്: സർ, തിരുവനന്തപുരം നഗരം ഉൾപ്പെടുന്ന തിരുവനന്തപുരം താലൂക്ക് ജനസാന്ദ്രതകൊണ്ട് ഒന്നാം സ്ഥാനത്താണ്. ഈ തിരുവനന്തപുരം നഗരി തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള മുഴുവൻ ജനങ്ങളും വന്നു പോകുന്ന സ്ഥലമാണ്. സംസ്ഥാനത്ത് മറ്റ് ജില്ലകളിൽ നിന്നും പല കാര്യങ്ങൾക്കായി പൊതുജനങ്ങൾ വന്നു പോകുന്ന സ്ഥലമാണ്. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് അവരുടെ റവന്യു കാര്യങ്ങൾക്കുവേണ്ടി ഇവിടുത്തെ താലൂക്ക് ആഫീസിൽ വരിക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്; ഒരു കാര്യവും നടക്കുകയില്ല. പത്തും പതിനഞ്ചും പ്രാവശ്യം വന്നാൽപ്പോലും റവന്യു കാര്യങ്ങൾ നിറവേറ്റുന്നതിനു കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. നഗരവുമല്ല എന്നാൽ ഗ്രാമവുമല്ല എന്ന സ്ഥിതിവിശേഷത്തിൽ കഴിയുകയാണ് അവിടത്തെ ജനങ്ങൾ. അതുകൊണ്ട് അവിടുത്തെ ജനങ്ങളുടെ വളരെക്കാലമായുള്ള ഒരു ആവശ്യമാണ് കഴക്കൂട്ടം കേന്ദ്രീകരിച്ച് ഒരു താലൂക്ക് രൂപീകരിക്കണമെന്നുള്ളത്. വെള്ളോടി കമ്മീഷന്റെ റിപ്പോർട്ടിലും കഴക്കൂട്ടം കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കണമെന്നും സിറ്റി താലൂക്കും റൂറൽ താലൂക്കുമായി തിരുവനന്തപുരം താലൂക്കിനെ രണ്ടായി വിഭജിക്കണമെന്നും നിർദ്ദേശമുണ്ട്. ഇത് വളരെ അത്യാവശ്യം ചെയ്യേണ്ട ഒരു കാര്യമാണ്. ഇപ്പോൾ നിയോഗിച്ചിരിക്കുന്ന കമ്മീഷന്റെ മുമ്പിലും ഈ ആവശ്യങ്ങൾ

11.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly